കേടുവന്ന ഉപകരണങ്ങൾ നന്നാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും അവരുടെ സാമ്പത്തിക അധികാരപരിധിക്കകത്തുനിന്നുകൊണ്ട് ഉപകരണങ്ങൾ അതത് സ്ഥലങ്ങളിലുള്ളവ നന്നാക്കുന്നതിനുള്ള ഭരണ അനുമതിയും ഫണ്ടും നൽകുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഗ്രാമീണ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

138 (141) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പല ഗ്രാമീണ ആശുപത്രികളിലും രോഗികൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എല്ലാ ഗ്രാമീണ ആശുപത്രികളിലും ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡോക്ടർമാരില്ലാത്ത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഗ്രാമീണ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കമ്മിറ്റിയെ നിയമിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പഞ്ചായത്ത് നഗരപാലിക ബില്ലുകളുടെ ആവിർഭാവത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ താലൂക്കാശുപത്രികളിൽ വരെയുള്ള സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർമാർ മുതൽ താഴോട്ട് എല്ലാ തലത്തിലുമുള്ള ജീവനക്കാരുടെയും പൂർണ്ണ സഹകരണത്തോടെ പദ്ധതി രേഖകൾ നടപ്പിലാക്കിവരികയുമാണ് അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്വയംഭരണാധികാരികൾ ലഭ്യമാക്കുന്നതനുസരിച്ചും ധനലഭ്യത അനുസരിച്ചും സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഭാഗമായി റഫറൽ യൂണിറ്റുകൾ ആരംഭിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളാക്കുക, കിടക്കകൾ അനുവദിക്കുക, ആവശ്യമായ പുതിയ തസ്തികകൾ അനുവദിക്കുക, സാധനസാമഗ്രികൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുക, വാഹനങ്ങൾ (ആംബുലൻസ് ഉൾപ്പെടെ) വാങ്ങുക ദേശീയ പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആയുർവേദ വകുപ്പിൽ ഗ്രാമീണ ആശുപത്രിളിലെ കിടക്കകൾ വർദ്ധിപ്പിക്കുക രോഗികൾക്ക് ഔഷധത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കുക, കിടപ്പു രോഗികൾക്ക് ഹോസ്പിറ്റൽ അക്സസറീസ് നൽകുക. പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയ ഡിസ്പൻസറികളും അനുവദിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിലെ ആശുപത്രികളിലെ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഘട്ടംഘട്ടമായി ക്ലിനിക്കൽ ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പുറമേ പുതിയ ഡിസ്പെൻസറികളും അനുവദിച്ചിട്ടുണ്ട്.

(ബി) പരാതികൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കുവാൻ അപ്പോൾ തന്നെ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുവാൻ തദ്ദേശ സ്ഥാപനങ്ങൾക്കു അനുമതി നൽകിയിട്ടുണ്ട്.

(ഡി) അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് സെൻട്രൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ മരുന്ന് നേരിട്ട് വാങ്ങുന്നതിന് മെഡിക്കലാഫീസർമാർക്ക് പ്രത്യേകാനുമതി നിലവിലുണ്ട്.

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ അതിൽ നിന്നും നിയമനം നടത്താറുണ്ട്. ലിസ്റ്റ് ഇല്ലാതിരിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ ലഭ്യമല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ താൽക്കാലികമായി കരാർ വ്യവസ്ഥയിൽ നിയമനം നടത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പി.എച്ച്.സി.കളുടെ പ്രവൃത്തി സമയം വർദ്ധിപ്പിക്കുന്നതിന് നടപടി**

**139 (142)** ശ്രീ. പി. പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.എച്ച്.സി. ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ നിലവിലുള്ള പ്രവൃത്തി സമയം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly